©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2025 സെപ്റ്റംബർ 18<br>18th September 2025<br>1201 കന്നി 2<br>2nd Kanni 1201<br>1947 ഭാദ്രം 27<br>27th Bhadra 1947 | നമ്പർ<br>No. | 3345 |

### കേരള നിയമസഭാ സെക്രട്ടേറിയറ്റ്

### വിജ്ഞാപനം

നം. KLS/7829/2025-Legin1. തീയതി, തിരുവനന്തപുരം 2025 സെപ്റ്റംബർ 18

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69 (1) പ്രകാരം 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

*ഡോ. എൻ. കൃഷ്ണ കുമാർ*
*സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ. 274

# 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.- 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ആക്റ്റിന് 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 7-ാം വകുപ്പിനുള്ള ഭേദഗതി.- 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 7-ാം വകുപ്പ് (4)-ാംഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ “ചെയ്യേണ്ടതാണ്" എന്ന വാക്കിനു പകരം "ചെയ്യേണ്ടതും പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ജനസംഖ്യ തുല്യമായി വരുന്നപക്ഷം സംവരണം ഏത് വിഭാഗത്തിനാണ് എന്നുള്ളത് ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നുവരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി, അതത് സംഗതിപോലെ, പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ ആയി നിശ്ചയിക്കേണ്ടതുമാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്കേണ്ടതാണ്.

3. <u>8-ാം വകുപ്പിനുള്ള ഭേദഗതി.</u>- പ്രധാന ആക്റ്റിലെ 8-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്ന വാക്കിനുപകരം "ചെയ്യേണ്ടതും പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ജനസംഖ്യ തുല്യമായി വരുന്നപക്ഷം സംവരണം ഏത് വിഭാഗത്തിനാണ് എന്നുള്ളത് ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നുവരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി, അതത് സംഗതിപോലെ, പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ ആയി നിശ്ചയിക്കേണ്ടതുമാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

4. <u>9-ാം വകുപ്പിനുള്ള ഭേദഗതി.</u>- പ്രധാന ആക്റ്റിലെ 9-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ചെയ്യേണ്ടതാണ്" എന്ന വാക്കിനുപകരം "ചെയ്യേണ്ടതും പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ജനസംഖ്യ തുല്യമായി വരുന്നപക്ഷം സംവരണം ഏത് വിഭാഗത്തിനാണ് എന്നുള്ളത് ആദ്യ തവണ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടതും തുടർന്നുവരുന്ന സന്ദർഭങ്ങളിൽ ആവർത്തനം ഒഴിവാക്കി, അതത് സംഗതിപോലെ, പട്ടികജാതി വിഭാഗത്തിനോ പട്ടികവർഗ്ഗ വിഭാഗത്തിനോ ആയി നിശ്ചയിക്കേണ്ടതുമാണ് " എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

5. <u>188-ാം വകുപ്പിനുള്ള ഭേദഗതി.</u>- പ്രധാന ആക്റ്റിലെ 188-ാം വകുപ്പിൽ,-

(i) (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"(1എ) പഞ്ചായത്ത് ഭരണത്തെ സംബന്ധിച്ചുള്ള രേഖകളും മറ്റും പരിശോധിക്കുന്നതിനും ഒരു പഞ്ചായത്തിൽ നിക്ഷിപ്തമായ വികസനപരവും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ജനക്ഷേമപരവുമായ ചുമതലകളും ആ പഞ്ചായത്തിനെ ഭരമേൽപ്പിച്ച സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം അതിന് നിർദ്ദേശങ്ങൾ നൽകുന്നതിനും, സർക്കാരിന്, നിർണ്ണയിക്കപ്പെട്ട രീതിയിൽ, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം ഏർപ്പാട് ചെയ്യാവുന്നതാണ്." ;

(ii) (3)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"(3) പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ സർക്കാരിന് ഏർപ്പാട് ചെയ്യാവുന്നതാണ്.".

6. <u>203-ാം വകുപ്പിനുള്ള ഭേദഗതി</u>.- പ്രധാന ആക്റ്റിലെ 203-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "(പൂർണ്ണസംഖ്യയിൽ)" എന്ന ബ്രാക്കറ്റും വാക്കും വിട്ടുകളയേണ്ടതാണ്.

7. <u>220-ാം വകുപ്പിന് ശേഷം പുതിയ വകുപ്പ് ചേർക്കൽ</u>.- പ്രധാന ആക്റ്റിലെ 220-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"220എ. <u>പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധവസ്തുക്കളും തടയൽ</u>.- (1) യാതൊരാളും ഏതെങ്കിലും പൊതുതെരുവിന്റെയോ കിണറിന്റെയോ കുളത്തിന്റെയോ ചാലിന്റെയോ അഴുക്കുചാലിന്റെയോ ഏതെങ്കിലും ഭാഗം കൈയ്യേറുന്ന വിധത്തിൽ ഏതെങ്കിലും ഭിത്തിയോ വേലിയോ കൈവരിയോ തൂണോ പടിയോ എടുപ്പുകളോ നിർമ്മിക്കുകയോ ആബദ്ധവസ്തുക്കൾ സ്ഥാപിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പൊതുതെരുവിന്റെയോ കിണറിന്റെയോ കുളത്തിന്റെയോ ചാലിന്റെയോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അഴുക്കുചാലിന്റെയോ ഏതെങ്കിലും ഭാഗം കൈവശം വയ്ക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) ഏതൊരാളും ഏതെങ്കിലും പൊതുസ്ഥലത്തോ പൊതുനിരത്തിലോ അവയ്ക്ക് മുകളിലോ അല്ലെങ്കിൽ ഏതെങ്കിലും തുറന്ന ചാലിനോ കിണറിനോ കുളത്തിനോ ഏതെങ്കിലും തെരുവിനോ അവയ്ക്ക് മീതെയോ ഏതെങ്കിലും കമാനങ്ങളോ ബോർഡുകളോ ഹോർഡിംഗുകളോ ബാനറുകളോ ഡിജിറ്റൽ ബാനറുകളോ കൊടികളോ കൊടിമരങ്ങളോ തോരണങ്ങളോ സ്ഥാപിക്കുകയോ കെട്ടുകയോ ചെയ്യുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള ഫീസ് ഒടുക്കി സെക്രട്ടറിയിൽ നിന്നും രേഖാമൂലമുള്ള അനുമതി വാങ്ങേണ്ടതാണ് :

എന്നാൽ, 1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിലെയും (2000-ലെ 6), 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിലെയും (2007-ലെ 8) വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം സെക്രട്ടറി അപ്രകാരമുള്ള അനുമതി നൽകേണ്ടത്.".

8. 233എ വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്റ്റിലെ 233എ വകുപ്പിൽ,-

(i) (2)-ാം ഉപവകുപ്പിൽ, 'സെക്രട്ടറിക്ക്' എന്ന വാക്കിനുപകരം 'സെക്രട്ടറി' എന്ന വാക്കും, 'തേടാവുന്നതും' എന്ന വാക്കിനുപകരം 'തേടേണ്ടതും" എന്ന വാക്കും ചേർക്കേണ്ടതാണ് ;

(ii) (3)-ാം ഉപവകുപ്പിൽ '(1)-ാം ഉപവകുപ്പിൻകീഴിൽ" എന്ന വാക്കിന് മുൻപായി "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച ശേഷം" എന്ന ബ്രാക്കറ്റും അക്കവും ചിഹ്നവും വാക്കുകളും ചേർക്കേണ്ടതാണ്.

9. 238-ാം വകുപ്പിനുള്ള ഭേദഗതി.- പ്രധാന ആക്റ്റിലെ 238-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ, "ആവശ്യമാണെങ്കിൽ" എന്ന വാക്കിന് പകരം "ആവശ്യമാണെന്ന് സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം" എന്ന വാക്കുകളും,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"ഗ്രാമപഞ്ചായത്ത്" എന്ന വാക്കിന് ശേഷം "സെക്രട്ടറി" എന്ന വാക്കും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13) 7-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, 8-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, 9-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനകൾ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിലെ പട്ടികജാതിക്കാരുടെയോ പട്ടികവർഗ്ഗക്കാരുടെയോ ജനസംഖ്യ ഏതെങ്കിലും സ്ഥാനം അവർക്കായി സംവരണം ചെയ്യുന്നതിന് അപര്യാപ്തമായി വരുന്നപക്ഷം പട്ടികജാതിക്കാരിലോ പട്ടികവർഗ്ഗക്കാരിലോ കൂടുതലുള്ള വിഭാഗത്തിന് ആ പഞ്ചായത്തിൽ ഒരു സ്ഥാനം സംവരണം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ജനസംഖ്യ തുല്യമായി വരികയാണെങ്കിൽ സ്ഥാനം സംവരണം ചെയ്യേണ്ട വിധം ആക്റ്റിൽ കൊണ്ടുവരുന്നതിനായി പഞ്ചായത്ത് രാജ് ആക്റ്റിന്റെ പ്രസ്തുത വകുപ്പുകളിൽ ഭേദഗതി ചെയ്യുന്നതിനും, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം, സോഷ്യൽ ഓഡിറ്റ് എന്നിവ ഏർപ്പെടുത്തുന്നതിനും, വസ്തു നികുതി സംബന്ധിച്ചും, വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായും, അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ സെക്രട്ടറിക്ക് ചുമതല നൽകുന്നതുമായി ബന്ധപ്പെട്ടും, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 188, 203, 233എ, 238 എന്നീ വകുപ്പുകളിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുന്നതിനും, പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധ വസ്തുക്കളും തടയുന്നതിനായി പ്രസ്തുത ആക്റ്റിൽ 220എ എന്ന പുതിയ ഒരു വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 5-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 188-ാം വകുപ്പിന്റെ,-

(i) (1എ)-ാം ഉപവകുപ്പ്, പഞ്ചായത്തിൽ നിക്ഷിപ്തമായ പ്രവൃത്തികൾ വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ പരിഹരിക്കാൻ നിർദ്ദേശങ്ങൾ നൽകുന്നതിനും, ആഭ്യന്തര വിജിലൻസും മോണിറ്ററിംഗും സംവിധാനം ഏർപ്പെടുത്തുന്നതിന്റെ രീതി നിർണ്ണയിക്കുന്നതിനും ;

(ii) (3)-ാം ഉപവകുപ്പ്, പഞ്ചായത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. ബില്ലിലെ 7-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന220എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, പൊതുതെരുവിൽ തടസ്സമുണ്ടാക്കുന്ന എടുപ്പുകളും ആബദ്ധവസ്തുക്കളും തടയുന്നതുമായി ബന്ധപ്പെട്ട് ഫീസിന്റെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എം. ബി. രാജേഷ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.18 09:18:09 +05:30